സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ നടപടിക്രമം

## സംഗ്രഹം

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള ക്ഷേത്രകലാപീഠങ്ങളിലെ അദ്ധ്യാപക പ്രധാന അദ്ധ്യാപക നിയമനങ്ങളുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ആർ.ഒ.സി. നമ്പർ.12150/19/സി.എ നന്തൻകോട്, 8 /03/2021.

പരാമർശം :1. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 08-10-2020-ലെ WA No.1086/2020 - ാം നമ്പർ വിധിന്യായം

2. 24-11-2020-ലെ മേൽ നമ്പർ ബോർഡ് നടപടിക്രമം

3. സാംസ്കാരിക പുരാവസ്തു വിഭാഗം ഡയറക്ടറുടെ 23-02-2021-ലെ 50/20/സി എ 4 നമ്പർ റിപ്പോർട്ട്.

### ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള ക്ഷേത്രകലാപീഠത്തിലെ അദ്ധ്യാപകരെ നിയമിക്കുന്നത് സംബന്ധിച്ച് വ്യക്തമായ നിയമങ്ങളോ വ്യവസ്ഥകളോ ഇല്ലാത്തതിനാൽ ആറ് മാസത്തിനകം ഇത് സംബന്ധിച്ച് ഒരു നിയമം ഉണ്ടാകണമെന്നുള്ള ബഹുമാനപ്പെട്ട ഹൈക്കോടതി വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ (പരാമർശം 1) ക്ഷേത്രകലാപീഠത്തിലെ അദ്ധ്യാപകരെ നിയമിക്കുന്നതിലേക്കാവശ്യമായ വ്യവസ്ഥകൾ സംബന്ധിച്ച് കരട് നിർദ്ദേശം സമർപ്പിക്കുന്നതിന് സാംസ്കാരിക -പുരാവസ്തു വിഭാഗം ഡയറക്ടറെ ചുമതലപ്പെടുത്തി (പരാമർശം 2)

ക്ഷേത്രകലാപീഠം അദ്ധ്യാപകരെ നിയമിക്കുന്നതിലേക്കാവശ്യമായ വ്യവസ്ഥകൾ സംബന്ധിച്ച കരട് നിർദ്ദേശങ്ങൾ സഹിതമുള്ള സാംസ്കാരിക-പുരാവസ്തു വിഭാഗം ഡയറക്ടറുടെ റിപ്പോർട്ട് ലഭിച്ചു. (പരാമർശം 3)

പ്രസ്തുത റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ ബോർഡ് വിശദമായി പരിശോധിച്ചു.

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള ക്ഷേത്രകലാപീഠങ്ങളിൽ അദ്ധ്യാപകരായി നിയമിക്കപ്പെടുന്നവർക്ക് ചുവടെ വിവരിക്കും പ്രകാരം യോഗ്യതകൾ നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. ക്ഷേത്രകലാപീഠത്തിലെ അദ്ധ്യാപക നിയമനത്തിന് അപേക്ഷിക്കുന്ന വ്യക്തി എസ്സ്.എസ്സ്.എൽ.സി പാസ്സായിരിക്കണം
2. അപേക്ഷകൻ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ക്ഷേത്ര കലാപീഠത്തിൽ ബന്ധപ്പെട്ട വിഷയത്തിൽ1-ാം ക്ലാസിലോ,2-ാം ക്ലാസ്സിലോ വിജയിച്ചിരിക്കണം
3. ബന്ധപ്പെട്ട വിഷയത്തിൽ 5 വർഷത്തിൽ കുറയാത്ത പ്രവൃത്തി പരിചയം ഉണ്ടായിരിക്കണം.
4. ആൾ ഇൻഡ്യാ റേഡിയോ, ദൂരദർശൻ എന്നിവയിൽ ഏതെങ്കിലും സ്ഥാപനത്തിൽ നിന്നും ലഭിച്ചിട്ടുള്ള സർട്ടിഫിക്കറ്റ് അഭികാമ്യം

(മറുപുറം)

ക്ഷേത്രകലാപീഠത്തിലെ പ്രധാന അദ്ധ്യാപകനായി നിയമിക്കപ്പെടുന്നവർക്ക് വേണ്ട യോഗ്യതകൾ ചുവടെ ചേർക്കുന്നു.

1. മുകളിൽ വിവരിച്ചിട്ടുള്ള യോഗ്യതകൾക്ക് പുറമേ ക്ഷേത്രകലാപീഠത്തിൽ 10 വർഷത്തിൽ കുറയാതെ അദ്ധ്യാപകനായി സേവനം അനുഷ്ടിച്ചിട്ടുള്ള വരായിരിക്കണം
2. ശിക്ഷണ നടപടികൾക്ക് വിധേയനായിട്ടില്ലാത്തവരായിരിക്കണം
3. സർവ്വീസിൽ സീനിയർ ആയിരിക്കണം, അദ്ധ്യാപനം നടത്തി വരുന്ന വിഷയത്തിൽ ക്ഷേത്രകലാപീഠത്തിൽ നിന്നുള്ള ഉപരിപഠന സർട്ടിഫിക്കറ്റോ, അല്ലെങ്കിൽ കേരള സർക്കാർ അംഗീകരിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും തത്തുല്ല്യ യോഗ്യത സർട്ടിഫിക്കറ്റോ ഉണ്ടായിരിക്കണം.

ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തുടർ നടപടി സ്വീകരിക്കുന്നതിന് സാംസ്കാരിക പുരാവസ്തു ഡയറക്ടറെ ചുമതലപ്പെടുത്തി ബോർഡുത്തരവാകുന്നു.

**തിരുവിതാംകൂർ ദേവസ്വം ബോർഡിനു വേണ്ടി**

(ഒപ്പ്)

**സെക്രട്ടറി**

പകർപ്പ് :

1. ദേവസ്വം കമ്മീഷണർ
2. ലാ ആഫീസർ
3. ലെയിസൺ അഫീസർ
4. ഡയറക്ടർ, സാംസ്കാരിക -പുരാവസ്തു വിഭാഗം
5. അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ വൈക്കം, വർക്കല
6. മാനേജർ കലാപീഠം വൈക്കം, ആറ്റിങ്ങൽ
7. മിനിറ്റ്സ്
8. സെക്ഷൻ ഫയൽ
9. ഇ.ഡി.പി
10. ഫെയർ ആഫീസ് കോപ്പി

അംഗീകാരത്തോടെ

അസിസ്റ്റന്റ് സെക്രട്ടറി